പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *273 — 22.6.2012-ൽ മറുപടിയ്ക്ക്

**ഭൂവുടമകളുമായി കരാറുണ്ടാക്കി പഴം പച്ചക്കറി കൃഷി**

| *ചോദ്യം* | *മറുപടി* |
|---|---|
| **ശ്രീ. എ. എം. ആരിഫ്**<br>**,, സി. കൃഷ്ണൻ**<br>**,, രാജു എബ്രഹാം**<br>**,, കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)** |
| (എ) ഭൂവുടമകളുമായി കരാറുണ്ടാക്കി പഴവർഗ്ഗങ്ങളും പച്ചക്കറികളും കൃഷി ചെയ്യുന്നതിന് കൃഷിഭവനുകൾ വഴി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച സർക്കാർ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കുമോ; | (എ) ഭക്ഷ്യസുരക്ഷയുടെ ഭാഗമായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടുകൂടി തരിശു ഭൂവുടമകളുമായി കരാറുണ്ടാക്കി വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, നെല്ല് എന്നിവ കൃഷി ചെയ്യുന്നതിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. സംസ്ഥാനത്ത് തരിശുഭൂമി, ലഭ്യമായതിനാലും കാർഷിക ഉത്പന്നങ്ങൾക്ക് ലഭ്യതക്കുറവ് ഉള്ളതിനാലുമാണ് ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതിയിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൃഷിക്കാർക്ക് കൃഷിയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ഭൂമി തരിശായി ഇട്ടിരിക്കുന്ന ഭൂവുടമയ്ക്കും കൃഷി ചെയ്യുന്ന കർഷകനും ആനുകൂല്യം ലഭിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. പച്ചക്കറി, കിഴങ്ങുവർഗ്ഗം, നെല്ല് എന്നിവയ്ക്ക് ഹെക്ടറിന് 25000/- രൂപ നിരക്കിലും വാഴകൃഷിക്ക് ഹെക്ടറിന് 35000/- രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. ഭൂവുടമയ്ക്ക് ഹെക്ടറിന് 5000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു. |

(ബി) മുൻവർഷം ബഡ്ജറ്റിലെ ഈ പ്രഖ്യാപനം വഴി എത്ര ടൺ പഴവർഗ്ഗങ്ങളും പച്ചക്കറികളും ഉൽപ്പാദിപ്പിക്കുകയുണ്ടായി; ഈ വർഷത്തെ ലക്ഷ്യം എത്രയാണ്

(ബി) ഭൂവുടമകളുമായി കരാറുണ്ടാക്കി കൃഷി ചെയ്യുന്ന പദ്ധതി പ്രകാരം 725 ഹെക്ടർ തരിശുഭൂമി കൃഷിയിടങ്ങളാക്കി മാറ്റിയിട്ടുണ്ട്. പഴം , പച്ചക്കറി മാത്രം 691 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. ആയതിൽ നിന്നുള്ള ഉത്പാദനത്തിന്റെ അളവ് തിട്ടപ്പെടുത്താൻ സമയമാകുന്നതെയുള്ളൂ. ഈ വർഷം ആർ.കെ.വി.വൈ പദ്ധതിയിൽപ്പെടുത്തി 3200 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

(സി) ഭൂവുടമകളുമായി കൃഷിഭവനുകൾ എത്ര കരാറുകൾ ഉണ്ടാക്കിയെന്നും അതുവഴി എത്ര ഹെക്ടർ സ്ഥലങ്ങളിൽ ഉൽപാദനം നടന്നുവെന്നും ഇതിനായി മുൻവർഷം ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ;

(സി) ഭൂവുടമകളുമായി കൃഷി ഭവനുകൾ കരാറുകൾ ഉണ്ടാക്കിയിട്ടില്ല. കൃഷിക്കാരും ഭൂവുടമകളുമായി 2003 കരാറുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ കരാറുകളിലൂടെ നെല്ലുൾപ്പെടെ 725 ഹെക്ടർ സ്ഥലങ്ങളിൽ ഉത്പാദനം തുടങ്ങുകയും ഇതിനായി 2011-12 വർഷത്തിൽ 243 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

Snehama

സെക്ഷൻ ഓഫീസർ